DESPATCHED On...29/06/2020

28/03/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.2603(4)/2013/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.12550/എസ്.ഐ.സി–ജി 2/2013)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. വി. രഞ്ജിത്ത്,
S/o അശോകൻ, തുഷാര,
ഗവ. ഹോസ്പിറ്റലിനു സമീപം,
വടകര. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പി.എ ടു സെക്രട്ടറി,
വടകര മുനിസിപ്പാലിറ്റി, വടകര.
2. അപ്പീൽ അധികാരി &
സെക്രട്ടറി,
വടകര മുനിസിപ്പാലിറ്റി, വടകര.

— എതിർകക്ഷികൾ

## ഉത്തരവ്

വടകര മുനിസിപ്പാലിറ്റിയിലെ എം.പി. അശോകൻ മാസ്റ്ററുടെ ഉടമസ്ഥതയിലുള്ള MPK ബിൽഡിംഗ്സ് 30/933M (ഇപ്പോഴത്തെ നമ്പർ IV/995) നമ്പർ എടുപ്പ് നിർമ്മിച്ചതിന്റെ കംപ്ലീഷൻ പ്ലാൻ, സൈറ്റ് പ്ലാൻ, ബിൽഡിംഗ് പ്ലാൻ എന്നിവയുടെ പകർപ്പ്

ആവശ്യപ്പെട്ട് 15.03.2013 ൽ നൽകിയ വിവരാവകാശ അപേക്ഷ യ്ക്കും, 26.04.2013 ൽ നൽകിയ ഒന്നാം അപ്പീലിനും ബന്ധപ്പെട്ട ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന ഒഴിഞ്ഞു മാറുന്ന മറുപടി യാണു നൽകിയത് എന്നതാണ് അപ്പീൽ ഹർജിക്കാരന്റെ പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 28.12.2013 ൽ എതിർക ക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതിന് ഒന്നാം എതിർകക്ഷി 08.01.2014 ൽ മറുപടി നൽകി.

"നഗരസഭയുടെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ടി കെട്ടിടത്തിന്റെ BA No 667/2000-01 ആണെന്ന് കണ്ടെത്തുക യും, അതുപ്രകാരം ടൗൺ പ്ലാനിങ്ങ് വിഭാഗത്തിലേക്ക് റിപ്പോർട്ട് ആവശ്യപ്പെടുകയും, വർഷങ്ങൾക്കുമുമ്പ് കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഓക്യുപ്പെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് നടപടി ക്രമങ്ങൾ പൂർത്തിയാക്കിയ ഫയലായതുകൊണ്ട് മേൽ സെക്ഷ നിൽ ആവശ്യമായ രേഖകൾ ലഭ്യമല്ല എന്നാണ് അറിയിച്ചത്. ടൗൺ പ്ലാനിങ്ങ് സെക്ഷനിൽ നിന്നു ലഭിച്ച മേൽ മറുപടിയുടെ അടിസ്ഥാനത്തിലാണ് അപേക്ഷകന് അങ്ങനെയൊരു മറുപടി കൊടുത്തിട്ടുള്ളത്."

3. ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ടും അനുബന്ധ രേഖ കളും പരിശോധിച്ചതിൽ ടിയാൻ പറയുന്ന കാര്യങ്ങൾ മുഖവി ലയ്ക്ക് എടുക്കുകയേ മാർഗമുള്ളൂ. ടിയാൻ മന:പൂർവ്വം വിവര ങ്ങൾ നൽകാതിരിക്കാൻ ശ്രമിക്കുകയാണെന്ന് കമ്മീഷൻ കരുതു ന്നില്ല.

4\. ഇതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 26.03.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re

RIGHT TO INFORMATION